## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.302** **07.08.2017 ൽ മറുപടിക്ക്**

**ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുന:സംഘടന**

**ചോദ്യം**
**ശ്രീ റ്റി.വി.രാജേഷ് :**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(ചോദ്യം) ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

സ്വീകരിച്ചിട്ടുണ്ട്.

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് ദിനേശൻ. കെ.കെ. അധ്യക്ഷനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ട് യോഗങ്ങൾ ഇതിനകം നടന്നു കഴിഞ്ഞു. കൂടാതെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളുടെ യോഗ്യതയും മറ്റും നിശ്ചയിച്ചുകൊണ്ടുള്ള ചട്ടം തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. അതിൻപ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പുതിയ സോഷ്യൽ വർക്കർ മെമ്പർമാരെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പുതിയ ചെയർപേഴ്സൺമാരെയും മെമ്പർമാരെയും ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ